പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 355 | 04/06/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

**വാസ സ്ഥലങ്ങളിൽ തയ്യാറാക്കുന്ന ഭക്ഷ്യോൽപ്പന്നങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഇതര സംസ്ഥാനത്തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ തയ്യാറാക്കുന്ന ഭക്ഷ്യോൽപ്പന്നങ്ങൾ ഗ്രാമപ്രദേശങ്ങളിലെ തട്ടുകടകളിലും ചായക്കടകളിലും ദിനംപ്രതി വിതരണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം, പാചകം ചെയ്യുന്നയിടങ്ങളിലെ ശുചിത്വം, പാചകക്കാരുടെ ആരോഗ്യനിലവാരം എന്നീ കാര്യങ്ങൾ പരിശോധിക്കുന്നതിനും സ്ഥിരമായി മോണിറ്റർ ചെയ്യുന്നതിനും ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | ബി) | സ്ഥിരമായി നടത്തുന്ന പരിശോധനകളുടെ ഭാഗമായും, ക്വിക്ക് റെസ്പോൺസ് ടീം (QRT) സംവിധാനത്തിന്റെ ഭാഗമായും ഇത്തരം കേസുകൾ പരിശോധിച്ച് അവലോകനം ചെയ്യാറുണ്ട്. ഇത്തരക്കാർക്ക് ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ നോട്ടീസ് മുഖേന നൽകുകയും പാചകത്തിന് ഉപയോഗിക്കുന്ന വെള്ളവും ജീവനക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റും പരിശോധിക്കുകയും ചെയ്തു വരുന്നു. മാത്രവുമല്ല ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ/ലൈസൻസ് എടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ